(സി) പ്രസ്തുത പ്രൊപ്പോസലുകളിൽ ഉൾപ്പെട്ടിരുന്ന ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) നബാർഡ് ധനസഹായത്തോടെ പ്രവൃത്തികളൊന്നും നടപ്പിലാക്കിയിട്ടില്ല.

(ബി) 2013-14 സാമ്പത്തിക വർഷത്തിൽ 31 പ്രോജക്ട് പ്രൊപ്പോസലുകൾ നബാർഡ് ധനസഹായത്തിനായി അയച്ചിരുന്നു. ടി വർഷത്തിൽ പ്രോജക്ടുകൾക്കൊന്നും അംഗീകാരം ലഭിച്ചിട്ടില്ല. 2014-15 സാമ്പത്തിക വർഷത്തിൽ 110 പ്രോജക്ടുകൾ നബാർഡ് ധനസഹായത്തിനായി അയച്ചിട്ടുണ്ട്. അതിൽ 21 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചു. അവയുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പ്രവൃത്തികൾ ഉൾപ്പെട്ടിട്ടില്ല.

പത്തനംതിട്ട ജില്ലയിലെ റോഡ് നിർമ്മാണം

26 (1424) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം കഴിഞ്ഞ മൂന്നു വർഷങ്ങളിൽ പത്തനംതിട്ട ജില്ലയിൽ നിർമ്മാണാനുമതി നല്കിയ റോഡുകളേതെന്നും ഓരോ റോഡിനും അനുവദിച്ച തുകയും എത്രയെന്നും ഇവയിൽ ഇനിയും നിർമ്മാണം പൂർത്തിയാകാത്ത റോഡ് പ്രവൃത്തികൾ ഏതൊക്കെയെന്നും നിയോജക മണ്ഡലാടിസ്ഥാനത്തിൽ അറിയിക്കാമോ ;

(ബി) അടുത്ത പി.എം.ജി.എസ്.വൈ. പദ്ധതിയിൽ റാന്നി നിയോജക മണ്ഡലത്തിൽ നിന്നും ഉൾപ്പെടുത്തിയിട്ടുള്ള റോഡുകളുടെ പട്ടികയും തുകയും ലഭ്യമാക്കാമോ ;

(സി) ഇവയ്ക്ക് ഭരണാനുമതി ആയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) റാന്നി നിയോജക മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ നിർമ്മാണം പൂർത്തിയാകാത്ത റോഡുകളുടെ നിർമ്മാണം പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം കഴിഞ്ഞ മൂന്നു വർഷങ്ങളിൽ പത്തനംതിട്ട ജില്ലയിൽ നിർമ്മാണാനുമതി നൽകിയ റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) റാന്നി നിയോജക മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ.- II പ്രകാരം റോഡുകൾ തിരഞ്ഞെടുക്കുന്നതിന് മുന്നോടിയായി ജി.ഐ.എസ്സ്. പ്ളാറ്റ്ഫോമിൽ ജില്ലാ തലത്തിൽ ഗ്രാമീണ റോഡുകളുടെ പ്ളാനുകൾ (DRRP) Map in GIS-Platform)-ൽ തയ്യാറാക്കി കേന്ദ്ര സർക്കാരിൽ നിന്നും അംഗീകാരം വാങ്ങേണ്ടതുണ്ട്. ടി പ്രവൃത്തി അന്തിമ ഘട്ടത്തിലുമാണ്. DRRP തയ്യാറാക്കിയതിനുശേഷം മാത്രമേ പി.എം.ജി.എസ്.വൈ.-II പദ്ധതി പ്രകാരമുള്ള റോഡുകൾ തിരഞ്ഞെടുക്കുവാൻ സാധിക്കുകയുള്ളൂ.

(സി) ടി റോഡുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടില്ല. DRRP തയ്യാറാക്കി അംഗീകാരം ലഭിച്ചതിനുശേഷം മാത്രമേ ഭരണാനുമതിക്കായി സമർപ്പിക്കാൻ സാധിക്കുകയുള്ളൂ.

(ഡി) റാന്നി നിയോജക മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ 4 റോഡുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 2 പ്രവൃത്തികൾ 8-ാം ഘട്ടത്തിലുള്ളതാണ്. ഇവ 2014 നവംബറിൽ കരാർ വച്ച് പുരോഗതിയിലാണ്. പിന്നെയുള്ള 2 പ്രവൃത്തികൾ 7-ാം ഘട്ടത്തിലുള്ളതാണ്. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

ബ്ലോക്ക് പഞ്ചായത്ത് പ്ലാൻ എക്സ്പെൻഡിച്ചർ

27 (1425) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് സാമ്പത്തിക വർഷം 2015 ഫെബ്രുവരി 28 വരെ ബ്ലോക്ക് പഞ്ചായത്ത് തലത്തിലുള്ള പ്ലാൻ എക്സ്പെൻഡിച്ചർ എത്രയെന്ന് ശതമാനം ഉൾപ്പെടെ വിശദമാക്കാമോ ;

(ബി) 2015-16-ലേക്കുള്ള പദ്ധതികൾക്ക് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) നടപ്പ് സാമ്പത്തിക വർഷം 28-2-2015 വരെയുള്ള കണക്കുപ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് നീക്കിയിരുപ്പ് തുക ഉൾപ്പെടെ ആകെ ലഭ്യമായ 48526.76 ലക്ഷം രൂപയിൽ നിന്ന് 36846.25 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. ഇത് ആകെ ലഭ്യമായ തുകയുടെ 76 ശതമാനമാണ്.

(ബി) ഉണ്ട്. ഒരു സമയക്രമം നിശ്ചയിച്ചു നൽകിയിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly